# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2165 — 11.06.2018-ൽ മറുപടിയ്ക്ക്

## ഹൃദയശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റ് വിതരണം നിലച്ച സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൃദയശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റ് വിതരണം നിലച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | മെഡിക്കൽ കോളേജുകളിൽ ഹൃദയശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റ് വിതരണം നിലച്ചിട്ടില്ല. മുൻകൂർ തുക നൽകാതെ തന്നെ കമ്പനികൾ ആവശ്യത്തിന് സ്റ്റെന്റ് വിതരണം ചെയ്യുന്നുണ്ട്. ശസ്ത്രക്രിയകൾ ചെയ്യുന്നതിനാവശ്യമായ സ്റ്റെന്റുകൾ കാത്ത് ലാബുകളിൽ ലഭ്യമാണ്. |
| (ബി) | സ്റ്റെന്റ് വിതരണത്തിലുള്ള കുടിശ്ശികയിനത്തിൽ ഏതെല്ലാം കമ്പനികൾക്ക് കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | 1. അബോട്ട് വാസ്കുലാർ<br>2. ട്രാൻസ് ലൂമിന<br>3. റെലിസിസ്<br>4. മെറിൽ ലൈഫ്<br>5. ബോസ്റ്റൺ സയന്റിഫിക്<br>6. ഇന്നവൊല്യൂഷൻ<br>7. പർപ്പിൾ മെഡിക്കൽ സൊല്യൂഷൻ, കൊച്ചി<br>8. ബയോട്രോണിക്സ്<br>9. സഹജാനന്ദ്<br>10. എൻവിഷൻ സയന്റിഫിക്<br>11. കളരിക്കൽ ഏജൻസീസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം<br>12. ഗ്ലോബൽ ബയോമെഡിക്കൽ, എറണാകുളം<br>13. വിനായക എന്റർപ്രൈസസ്, പെരുമ്പാവൂർ<br>14. കാവൻ ഹെൽത്ത് കെയർ സർവ്വീസസ് ലിമിറ്റഡ്, കൊച്ചി<br>15. സഹജാനന്ദ് മെഡിക്കൽ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം<br>16. സ്വാസ്തിക ഹെൽത്ത് കെയർ, ചെന്നൈ |

| | | | |
|---|---|---|---|
| | | | 17. സുമാക്സ് സൊല്യൂഷൻസ്,കോഴിക്കോട്<br>18. ഹേർട്ട് വെയേസ്റ്റ്, കോഴിക്കോട്<br>19. ജയ്ഹിന്ദ് സർജിക്കൽസ്, കോഴിക്കോട്<br>20. നോവ സർജിക്കൽസ്, ആലപ്പുഴ<br>21. സൗത്ത് നോർത്ത് മെഡിക്കൽസ്, കോഴിക്കോട്<br>22. ഇൻവോ ഹെൽത്ത് കെയർ, കോട്ടയം<br>23. ആനന്ദ സർജിക്കൽസ്, തിരുവനന്തപുരം<br>24. വാസ്കുഡ് ടെക്നോളജീസ്, കൊച്ചി<br>25. സഹജാനന്ത് ലേസർ ടെക്നോളജി ലിമിറ്റഡ്, ഗുജറാത്ത്<br>26. ഫാർമക്കോൺ, കൊച്ചി<br>27. ജീവാ ഫാർമ, ആലപ്പുഴ<br>28. അക്ഷയ മെഡിടെക്, കോഴിക്കോട് |
| (സി) | കുടിശ്ശിക നൽകാനായി സർക്കാരിനോടും മെഡിക്കൽ കോളേജ് അധികൃതരോടും പലവട്ടം ആവശ്യപ്പെട്ടിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ഒഴികെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആറ് മാസത്തിൽ താഴെയുള്ള കാലയളവിലെ തുകകൾ മാത്രമാണ് നൽകാനുള്ളത്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 2013 മുതൽ 2018 വരെ കാലയളവിൽ നൽകാനുണ്ടായിരുന്ന തുകയിൽ കെ.ബി.എഫ്, ചിസ്-പ്ലസ് സ്കീമുകളിൽ നിന്നും കഴിഞ്ഞ രണ്ടാഴ്ചയുള്ളിൽ 5 കോടിയോളം രൂപ നൽകിയിട്ടുണ്ട്. ബാക്കി തുകയുള്ള ബില്ലുകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ